II ഇ.ബി. XIII - കേരള നിയമസഭ/ XI - 27

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2014 ജൂലൈ 17, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

89(*781) എൻഡോസൾഫാൻ ദുരിത ബാധിതർ

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, 2010 നവംബർ മാസത്തിൽ മുതലമട, കൊല്ലങ്കോട് ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യവകുപ്പ് നടത്തിയ പ്രാഥമിക സർവ്വേ പ്രകാരം 15 വയസ്സിൽ താഴെയുള്ള 19 കുട്ടികളടക്കം 46 പേരും ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശ പ്രകാരം 2011 മേയ് മാസത്തിൽ നടത്തിയ പ്രാഥമിക സർവ്വേ പ്രകാരം കുമരം പുത്തൂർ, അകത്തേത്തറ, ഷോളയൂർ, പുതുർ, ഒഴലപ്പതി, നെല്ലിയാമ്പതി, നന്ദിയോട് എന്നിവിടങ്ങളിൽനിന്ന് കണ്ടെത്തിയ 142 ആളുകൾ ഉൾപ്പെടെ ആകെ 188 പേരെ പാലക്കാട് ജില്ലയിൽ എൻഡോസൾഫാൻ രോഗബാധിതരായി സംശയിക്കുന്നതായി

കണ്ടെത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ബുദ്ധിമാന്ദ്യം, ശാരീരിക വൈകല്യം, പരാലിസിസ് തുടങ്ങിയ രോഗാവസ്ഥകൾ കണ്ടെത്തിയിട്ടുള്ള ഇവരുടെ തുടർ പഠനത്തിനും രോഗ നിർണ്ണയത്തിനുമായി തൃശ്ശൂർ മെഡിക്കൽ കോളേജിലെ വിദഗ്ധരുടെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ അതാത് പ്രദേശത്തെ പ്രാഥമിക-സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽനിന്ന് ചികിത്സയും ആരോഗ്യ പ്രവർത്തകരുടെയും പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെയും സേവനവും ലഭ്യമാക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയതുപോലെ പാലക്കാട് ജില്ലയിലും ഒരു പ്രത്യേക പാക്കേജ് കൊണ്ടുവന്ന് ചികിത്സാ സഹായം ഉൾപ്പെടെയുള്ള ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. എൻഡോസൾഫാൻ നിരോധിച്ചിട്ടുള്ള സാഹചര്യത്തിൽ ഇതിന്റെ ഉപയോഗം വീണ്ടും തുടരുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി കൃഷി, റവന്യൂ, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ നേതൃത്വത്തിൽ മൊബൈൽ സ്ക്വാഡുകൾ രൂപീകരിച്ച് അതിന്റെയടിസ്ഥാനത്തിൽ കർശന നടപടി സ്വീകരിക്കുന്നതാണ്. കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരായി കണ്ടെത്തിയിട്ടുള്ളവർക്ക് സൗജന്യ ചികിത്സയും ധനസഹായവും നൽകിവരുന്നുണ്ടെന്നും രോഗബാധിതരായ 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് 'ആരോഗ്യ കിരണം' പദ്ധതിയിലുൾപ്പെടുത്തി വിദഗ്ദ്ധ ചികിത്സ നൽകിവരുന്നുണ്ടെന്നും ഈ മേഖലയിൽ ക്യാൻസർ രോഗബാധിതരായി

കണ്ടെത്തിയിട്ടുള്ള 246 പേർക്ക് മലബാർ ക്യാൻസർ സെന്ററിലും ആർ.സി.സി.യിലും സൗജന്യ ചികിത്സയും പ്രതിമാസ പെൻഷനും നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. എൻഡോസൾഫാൻ കീടനാശിനിയുടെ അനന്തര ഫലങ്ങൾ ഭാവി തലമുറയെ ബാധിക്കാതിരിക്കാനുള്ള കരുതൽ നടപടിയുടെ ഭാഗമായി കാസർഗോഡ് ജില്ലയെ ജൈവജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ടെന്നും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കർഷകർക്ക് ബോധവത്ക്കരണം നൽകുന്നതാണെന്നും എൻഡോസൾഫാൻ സെല്ലിന്റെ പ്രവർത്തനം സംബന്ധിച്ച് മാസംതോറും അവലോകനം നട<u>ത്തു</u>ന്നുണ്ടെന്നും ദുരിതബാധിതർക്കായി പുനരധിവാസ പദ്ധതി ആവിഷ്കരിക്കുന്നതാണെന്നും ഉപചോദ്യങ്ങളിൽ ഇടപെട്ടുകൊണ്ട് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി അറിയിച്ചു.

## 90(*782) <u>തൊഴിൽ സ്ഥാപനവുമായി ബന്ധപ്പെട്ട പരാതികളും സംശയങ്ങളും</u>

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) നൽകിയ മറുപടിയിൽ, പൊതുജനങ്ങൾക്ക് തൊഴിൽ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനും സംശയ ദൂരീകരണത്തിനും തൊഴിൽ വകുപ്പിന്റെ ഓഫീസ് മേധാവി നടപടി കൈക്കൊള്ളുന്നതാണെന്നും 'www.lc.kerala.gov.in'- എന്ന ഔദ്യോഗിക വെബ്സൈറ്റിലൂടെ

ഓൺലൈനായും ഇതിന് സംവിധാനമൊരുക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന 155300 എന്ന toll free നമ്പരിലൂടെയും പൊതുജനങ്ങൾക്ക് പരാതി നൽകാവുന്നതാണ്. ഇതിനായി 'മിഷൻ 676'-ൽ ഉൾപ്പെടുത്തി ലേബർ കമ്മീഷണറേറ്റിൽ ഹെൽപ്പ് ലൈൻ സ്ഥാപിക്കുന്നതിനും ഔദ്യോഗിക വെബ്സൈറ്റ് കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ധനകാര്യ വകുപ്പുമായി ആലോചിച്ച് ആറ് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകൾക്കൂടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ അവ കാലോചിതമായി പരിഷ്കരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണെന്നും ബോണക്കാട് എസ്റ്റേറ്റ് തുറന്ന് പ്രവർത്തിപ്പിക്കാത്ത മാനേജ്മെന്റിന്റെ നിഷേധാത്മക നിലപാടിനെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫയർ ഫണ്ട് ബോർഡിൽ ആറ് ലക്ഷത്തോളം പേർ അംഗത്വമെടുത്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

91(*783) **കേരള ടൂറിസം പ്രൊമോഷൻ ആന്റ് മാർക്കറ്റിംഗ്**

പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) നൽകിയ മറുപടിയിൽ, ടൂറിസം മേലയിലെ പ്രമുഖ സംരംഭകരും ഉന്നത ഉദ്യോഗസ്ഥരുമടങ്ങുന്ന ഉപദേശകസമിതിയുടെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്താണ് ടൂറിസം വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്നും ടൂറിസം വകുപ്പ് പങ്കെടുക്കുന്ന പ്രധാനപ്പെട്ട ടൂറിസം മേളകളിലും റോഡ് ഷോകളിലും സ്വകാര്യ മേഖലയിലെ മികച്ച സംരംഭകരുടെ കൂടി പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനാൽ സർക്കാർ/സ്വകാര്യ പങ്കാളിത്തം എന്ന ആശയം ഒരു പരിധിവരെ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്തെ ഒരു ആഗോള ടൂറിസം ബ്രാൻഡായി മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി വൈവിധ്യമാർന്ന ടൂറിസം വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയെന്ന ലക്ഷ്യത്തോടെ ഗവൺമെന്റും സ്വകാര്യമേഖലയും സംയുക്തമായി പി.പി.പി. മാതൃകയിൽ ഒരു കൂട്ടായ സംരംഭം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് വിഭാവന ചെയ്തിരുന്നുവെങ്കിലും സ്വകാര്യ പങ്കാളിത്തവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാരണം പദ്ധതി പ്രവർത്തനങ്ങൾ ഉദ്ദേശിച്ചിരുന്നത് പോലെ പ്രാവർത്തികമാക്കാൻ കഴിയാത്തതിനെത്തുടർന്ന് 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ഇതിനായി കേരള ടൂറിസം പ്രൊമോഷൻ &

മാർക്കറ്റിംഗ് മെക്കാനിസം എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന ഫണ്ട് ദേശീയതലത്തിലും അന്തർദേശീയ തലത്തിലും നടത്തുന്ന ടൂറിസം മാർക്കറ്റിംഗിനും പ്രചാരണ പ്രവർത്തനങ്ങൾക്കുമായി വിനിയോഗിച്ചിട്ടുണ്ട്. യുവസംരംഭകരുടെ പങ്കാളിത്തം ഉറപ്പാക്കി സംസ്ഥാനത്ത് ടൂറിസം സാധ്യതയുള്ള വിവിധ പ്രദേശങ്ങൾ കണ്ടുപിടിച്ച് ടൂറിസത്തിന്റെ ഭാഗമാക്കി മാറ്റുന്നതിന് നടപടി സ്വീകിരിക്കുന്നതാണ്. മുൻകാലങ്ങളിൽ വിനോദസഞ്ചാരവുമായി ബന്ധപ്പെട്ടും വ്യാപാര ആവശ്യങ്ങൾക്കുമായി നമ്മുടെ സംസ്ഥാനത്ത് എത്തിയിരുന്ന വിവിധ രാജ്യങ്ങളെ ഉൾപ്പെടുത്തി യുനെസ്കോയുടെ സഹകരണത്തോടെ ഒരു സ്പൈസ് റൂട്ട് പ്രോജക്ട് നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു; സിൽക്ക് റൂട്ടിനെ ഈ പ്രോജക്ടുമായി ബന്ധിപ്പിക്കുന്നകാര്യം പരിശോധിക്കുന്നതാണ്. കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങളിൽ 'ഇ-വിസ' സംവിധാനം ആരംഭിക്കുകയും പ്രസ്തുത എയർപോർട്ടുകളിൽ വിസാ ഓൺ അറൈവൽ സംവിധാനം ഏർപ്പെടുത്തുകവഴി 180 രാജ്യങ്ങളിൽനിനിന്നും ഈ സംവിധാനം കേരളത്തിലെ പ്രസ്തുത എയർപോർട്ടുകൾക്ക് ലഭിക്കുന്നതുമാണ്. ശാന്തിഗിരിയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ടേക്ക്-എ-ബ്രേക്ക് പ്രോഗ്രാം പൂർത്തിയായിവരുന്നതായും വെള്ളാനിക്കൽപാറ പ്രോജക്ട് നടപ്പാക്കുന്നതിന് ഉടൻതന്നെ ഫണ്ട് അനുവദിക്കുന്നതാണെന്നും പിൽഗ്രിം ടൂറിസം പാക്കേജിന് ആവശ്യമായ മാസ്റ്റർപ്ലാൻ തയ്യാറാക്കി വരുന്നതായും തേക്കടി വിനോദസഞ്ചാര

കേന്ദ്രത്തിന്റെയും അനുബന്ധ പ്രദേശങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**<u>അടിയന്തര ചോദ്യം നം. 3</u>**

<u>ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കൽ</u>

മുഖ്യമന്ത്രി (ശ്രീ ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഭൂമിയുടെ തൽസ്ഥിതി സംബന്ധിച്ച ഡാറ്റാ ബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന നടപടി ത്വരിതപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 09-07-2014-ൽ നടന്ന ഹർജികൾ സംബന്ധിച്ച സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ഭൂമിയുടെ തരംതിരിവുമായി ബന്ധപ്പെട്ട് പ്രാദേശികതലത്തിൽ തയ്യാറാക്കിയ ഡാറ്റാ ബാങ്കിന്റെ കരട് ലിസ്റ്റിൽ വ്യാപകമായ പാളിച്ചയുണ്ടായതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഡാറ്റാ ബാങ്കിന്റെ കരട് ലിസ്റ്റിന്മേൽ അപ്പീൽ സാധ്യതയില്ലാത്തതിനാലും കുറ്റമറ്റരീതിയിൽ ഡാറ്റാ ബാങ്കിന്റെ കരട് ലിസ്റ്റ് തയ്യാറാക്കി കൂടുതൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതുവരെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് നിറുത്തിവയ്ക്കുന്ന കാര്യം പരിശോധിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ കുറ്റമറ്റ

രീതിയിൽ ഡാറ്റാ ബാങ്കിന്റെ കരട് ലിസ്റ്റ് തയ്യാറാക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടിയന്തരമായി തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്കും ലാന്റ് റവന്യൂ കമ്മീഷണർക്കും നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ കരട് ഡാറ്റാ ബാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് നിറുത്തിവയ്ക്കുന്നകാര്യം പരിശോധിച്ചുവരികയാണ്.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 8061 മുതൽ 8289 വരെയുള്ള ചോദ്യങ്ങളിൽ 29 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി.)